# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 135

30.09.2011 ൽ മറുപടിയ്ക്ക്

## കാർഷിക രംഗം - പ്രാദേശിക സർവ്വീസ് സഹകരണ ബാങ്കുകളുടെ പങ്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയുടെ വളർച്ചയും പ്രോത്സാഹനവും മുഖ്യ ബൈലോയായി അംഗീകരിച്ച് നിലവിൽ വന്ന പ്രാദേശിക സർവ്വീസ് സഹകരണ ബാങ്കുകൾ മതിയായ വിധത്തിൽ കാർഷിക മേഖലക്കുവേണ്ടി മുതൽ മുടക്കുന്നതിനോ കർഷകർക്ക് സാമ്പത്തിക സഹായങ്ങൾ സമയബന്ധിതമായി നൽകുന്നതിനോ ജാഗ്രത കാട്ടുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൊതുവായി അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സഹകരണ സംഘങ്ങൾ, കാർഷിക മേഖലയിൽ കാര്യമായി ഇടപെടുന്നില്ലെന്ന് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) വാണിജ്യപരവും വ്യവസായികവുമായി ലാഭമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ മത്സരിക്കുന്ന സഹകരണ മേഖലയിലെ പ്രാദേശിക ഗ്രാമീണ ബാങ്കുകളുടെ ലക്ഷ്യം കാർഷിക രംഗത്തേയ്ക്ക് തിരിച്ചുകൊണ്ടു വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ഇപ്പോഴും കാർഷിക മേഖലയിൽ സജീവമായി ഇടപെടുന്നുണ്ട്. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പരമാവധി കാർഷിക വായ്പകൾ നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പാ വിതരണം നടത്താത്ത സംഘങ്ങളുടെ വിശദീകരണം തേടുകയും വീഴ്ച വരുത്തിയ സംഘങ്ങളെ കാർഷികേതര വായ്പാ സംഘങ്ങൾ ആയി മാറ്റുകയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഈ മേഖലയിൽ ടി ഗ്രൂപ്പുകൾ കാര്യമായി ഇടപെടുന്നുമുണ്ട്. |

ഹ്രസ്വകാല കാർഷിക വായ്പകൾ 3 ലക്ഷം രൂപ വരെ 7% പലിശയ്ക്ക് നൽകുകയും ടി വായ്പകളിൽ 1 ലക്ഷം രൂപവരെ പരസ്പര ജാമ്യത്തിൽ നൽകുകയും ചെയ്തുവരുന്നു. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾ 10 ലക്ഷം രൂപയായി, സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി വർദ്ധിപ്പിക്കുവാൻ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ കാർഷിക വായ്പ സ്വന്തം ഫണ്ടുപയോഗിച്ച് നൽകുന്ന സംഘങ്ങൾക്കും നെൽകൃഷിക്ക് 20% ൽ കൂടുതൽ തുക നൽകുന്ന സംഘങ്ങൾക്കും പ്രോത്സാഹനം നൽകുന്നതിന് തുക ബഡ്ജറ്റിൽ വകയിരുത്തുകയും ആയത് നൽകി വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ